നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടി പൊതു സർവ്വീസ് കേഡർ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കേഡർ എന്നുമുതൽ നിലവിൽ വരുമെന്നും ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) പൊതു സർവ്വീസിന്റെ കീഴിൽ പ്രത്യേക എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

101(1103) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണവകുപ്പിനുകീഴിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ 91 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഒഴിവുകൾ |
|---|---|---|
| 1. | പാലക്കാട് | 17 |
| 2. | മലപ്പുറം | 22 |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 3. | കോഴിക്കോട് | 18 |
| 4. | വയനാട് | 8 |
| 5. | കണ്ണൂർ | 12 |
| 6. | കാസർഗോഡ് | 14 |
| | ആകെ | 91 |

(ബി) ഉണ്ട്. മേൽപ്പറഞ്ഞ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആധുനിക അറവുശാല സംവിധാനം സ്ഥാപിക്കുന്നതിന് നടപടി**

102(1104) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളും ജലസ്രോതസ്സുകളും മലിനമാകുന്ന വിധത്തിൽ അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ, പഞ്ചായത്ത് തലങ്ങളിലോ നഗരസഭ തലങ്ങളിലോ ആധുനിക അറവുശാല സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രായോഗിക ബിസിനസ് മാതൃകകളിൽ സാങ്കേതിക മികവുള്ളതും ഉയർന്ന ശേഷിയുള്ളതും പരമാവധി പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കിയുമുള്ള അറവുശാല സംവിധാനം പഞ്ചായത്ത്, നഗരസഭ തലങ്ങളിൽ സ്ഥാപിക്കുന്നതിനാണ് മുൻഗണന നല്കിവരുന്നത്.

(ബി) അറവുശാല നിർമ്മാണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ശുചിത്വമിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അറവുശാല നിർമ്മാണത്തിനായി 18 ഗ്രാമപഞ്ചായത്തുകൾക്കും 24 മുനിസിപ്പാലിറ്റികൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly